ഉദ്യോഗസ്ഥൻമാർ അടങ്ങിയ കമ്മിറ്റികൾ അതാത് കൺസർവേറ്റർ ചെയർമാനായി ഓരോ സർക്കിളിലും രൂപീകരിച്ച് ഒഴിപ്പിക്കൽ നടപടികൾ ആസൂത്രണം ചെയ്ത് ഘട്ടം ഘട്ടമായി കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് വേണ്ടതു ചെയ്യുന്നുണ്ട്. കോടതിയിൽ നിന്നും സമ്പാദിച്ച സ്റ്റേ ഓർഡറിന്റെ വെളിച്ചത്തിൽ ഒഴിപ്പിക്കൽ നടപടികൾ നിറുത്തിവച്ചിരിക്കുന്നത് പുനരാരംഭിക്കുന്നതിന് വേണ്ടി സ്റ്റേ നീക്കുന്നതിന് നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ബി) ലഭ്യമായ കണക്കുകൾപ്രകാരം കേന്ദ്രസർക്കാർ റഗുലറൈസ് ചെയ്ത കയ്യേറ്റമുൾപ്പെടെ വിവിധ മേഖലകളിലായി 45296 ഹെക്ടറിൽ കയ്യേറ്റമുണ്ട്.

(സി) കയ്യേറ്റംമൂലമുള്ള വന നശീകരണം തടയുന്നതിനുവേണ്ടി സ്വകാര്യഭൂമിയും വനഭൂമിയും വേർതിരിക്കുന്നതിന് ജണ്ട, കയ്യാല ഇവ കെട്ടുന്നുണ്ട്. മരംമുറിയും കയ്യേറ്റവും ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ജീവനക്കാരെ കൂടുതലായി വിന്യസിച്ച് വനസംരക്ഷണം ഉറപ്പാക്കിയിട്ടുണ്ട്. ദ്രുതകർമ്മ സേനയും ഫ്ളൈയിംഗ് സ്ക്വാഡും നിരന്തരം പട്രോളിംഗ് നടത്തി വനകുറ്റകൃത്യങ്ങൾക്കെതിരെ കേസ്സ് രജിസ്റ്റർചെയ്ത് കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കുന്നുണ്ട്. കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ വാഹന സൗകര്യങ്ങൾ, വാർത്താവിനിമയ സൗകര്യങ്ങൾ ഇവ വനസംരക്ഷണ ജീവനക്കാർക്ക് നൽകി സജ്ജരാക്കിയിട്ടുണ്ട്. ഇതിനുപുറമെ പൊതുജന പങ്കാളിത്തത്തോടെ വനസംരക്ഷണ പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തി കൂടുതൽ ഫലപ്രദമാക്കിയിട്ടുണ്ട്. വനനശീകരണ പ്രവർത്തനങ്ങൾ തടയുന്നതിനായി ഒരു ഇന്റലിജൻസ് സെല്ലും പ്രവർത്തിച്ചു വരുന്നു.

തോട്ടവ്യവസായത്തിനുവേണ്ടി പാട്ടത്തിനു നൽകിയ വനഭൂമി

*9 [325] ശ്രീ. ഇ. എം. അഗസ്തി:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, എൻ. ശക്തൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭൂമി തോട്ടവ്യവസായത്തിനുവേണ്ടി പാട്ടത്തിനു നൽകിയിട്ടുണ്ടോ;

(ബി) ഈ ഭൂമിയുടെ പാട്ടം നിശ്ചയിച്ചതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പാട്ടത്തുകയിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ;

(ഡി). എന്തെല്ലാം വ്യവസ്ഥയിന്മേലാണ് വനഭൂമി പാട്ടത്തിന് കൊടുത്തിട്ടുള്ളത്;

(ഇ) പാട്ടം ഇനത്തിൽ എന്തു തുകയുടെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളായ പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ, ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് 1960—1980 കാലഘട്ടത്തിലാണ് പാട്ടം നിശ്ചയിച്ചിട്ടുള്ളത്. ഗ്രാന്റ്സ് ആന്റ് ലീസസ്സിന്റെ പരിധിയിൽപ്പെടുന്ന പാട്ടങ്ങൾ മിക്കവാറും 19-ാം നൂറ്റാണ്ടിൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് തിരുവിതാംകൂർ-കൊച്ചി മഹാരാജാക്കന്മാർ നിശ്ചയിച്ചിട്ടുള്ളവയാണ്.

(സി) ഗ്രാന്റ്സ് ആന്റ് ലീസസ്സിന്റെ പരിധിയിൽപ്പെട്ടതായ സർക്കാർ ഭൂമിയുടെ പാട്ടത്തുകയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമി കൈമാറ്റമോ, സബ്ലീസോ ചെയ്യാൻ പാടില്ല. ഏതു തോട്ടം വിളകൾക്കാണോ പാട്ടത്തിനു നൽകിയത് അതിനായി മാത്രമേ പാട്ടഭൂമി ഉപയോഗിക്കാവൂ. പാട്ടത്തുക സർക്കാർ നിശ്ചയിക്കുന്നതു പ്രകാരം യഥാസമയം അടയ്ക്കേണ്ടതാണ്. പാട്ടഭൂമിയിലെ വൃക്ഷ സംരക്ഷണം ഉറപ്പു വരുത്തേണ്ടതാണ്. ഈ ഭൂമിയിലെ പ്രകൃത്യായുള്ള വൃക്ഷങ്ങൾ സർക്കാരിൽ നിക്ഷിപ്തമാണ്. പാട്ടക്കുടിശ്ശികയിൽ വീഴ്ച വരുത്തിയാലൊ പാട്ടവ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കപ്പെട്ടാലൊ പാട്ടം റദ്ദു ചെയ്യുന്നതിന് സർക്കാരിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും. ഇവയാണ് പ്രധാനമായ വ്യവസ്ഥകൾ. ഗ്രാന്റ്സ് ആന്റ് ലീസസ്സിൽപ്പെടുന്ന പാട്ടങ്ങൾക്ക് പാട്ട ഉടമ്പടി പ്രകാരമുള്ള വ്യവസ്ഥകൾ ദീർഘകാലത്തേയ്ക്കോ, പെർപ്പെച്വൽ ലീസ് (എന്നന്നേക്കുമായി) ആയോ ആണ് നൽകിയിട്ടുള്ളത്.

(ഇ) 58 കോടിയോളം രൂപ കുടിശ്ശികയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly